**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1497** **19-09-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ ആരോഗ്യ കായിക വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങളുടെയും അകാലമരണങ്ങളുടെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കായിക/ആരോഗ്യ ക്ഷമത ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ കായിക വിദ്യാഭ്യാസം നിർബന്ധ പാഠ്യ വിഷയമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദീകരിക്കുമോ; | (എ) | കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റ ഭാഗമായി ആരോഗ്യകായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യ വിഷയമായാണ് പരിഗണിക്കുന്നത്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023-ൽ പരാമർശിച്ചിട്ടുള്ള പാഠ്യപദ്ധതി സമീപനത്തിൽ ഇത് വളരെ കൃത്യമായ രീതിയിൽ വിവരിച്ചിട്ടുണ്ട്. പ്രീപ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള ക്ലാസുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി നിലവിലുണ്ട്. പ്രീ പ്രൈമറി ക്ലാസുകളിലും പ്രൈമറി ക്ലാസുകളിലും ഉദ്ഗ്രഥിതമായാണ് ആരോഗ്യകായിക വിദ്യാഭ്യസ വിനിമയം നടന്നുവരുന്നത്. പ്രൈമറി ക്ലാസുകളിൽ അധ്യാപകർക്ക് ആരോഗ്യകായിക വിദ്യാഭ്യാസം കൂടുതൽ ശക്തമായ നിലയിൽ ഉദ്ഗ്രഥന രീതിയിലോ/ സ്വതന്ത്രമായ നിലയിലോ വിനിമയം ചെയ്യുന്നതിന് പര്യാപ്തമാകുന്ന നിലയിലുള്ള രണ്ട് ഹാൻഡ് ബുക്കുകൾ ഹെൽത്തി കിഡ്സ് എന്ന പേരിൽ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസ പഠനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രത്യേക ആക്ടിവിറ്റി ബുക്കുകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഈ ആക്ടിവിറ്റി ബുക്കുകൾ വളരെ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിന് അധ്യാപകർക്ക് ആത്മവിശ്വാസം നൽകുന്നതിനുവേണ്ടി പ്രത്യേക ഹാൻഡ് ബുക്കുകൾ കൂടി ഇതിന് അനുബന്ധമായി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട ഡിജിറ്റൽ വിഭവങ്ങൾ സമഗ്ര പ്ലസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന പ്രവർത്തനങ്ങളും സമാന്തരമായി നടന്നു വരികയാണ്.<br><br>ഹയർസെക്കൻഡറി ക്ലാസുകളിൽ നിലവിൽ രണ്ട് പിരീഡുകളാണ് ആരോഗ്യ കായിക |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസത്തിനായി നിലവിലുള്ളത്. ഈ പിരീഡുകളിൽ വിനിമയം ചെയ്യുവാൻ ആവശ്യമായ ആരോഗ്യ കായിക വിദ്യാഭ്യാസം സിലബസ് ഗ്രിഡ്സുകൾ നിലവിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം അധ്യാപകർക്ക് ഈ പഠന വിനിമയ സാമഗ്രികൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ രീതിയിലുള്ള ശാസ്ത്രീയമായ അധ്യാപക പരിപോഷണ പരിപാടികൾ ഉൾപ്പെടെയുള്ളവ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നുണ്ട്. |
| (ബി) | പൊതുവിദ്യാലയങ്ങളിലെ കായിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി കായികാദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ശാസ്ത്രീയമായും കാലോചിതമായും പരിഷ്കരിച്ച് കായികാദ്ധ്യാപക നിയമനങ്ങൾ നടത്താമോ; വ്യക്തമാക്കുമോ; | (ബി) | KER അധ്യായം 23-ലെ ചട്ടങ്ങൾ പ്രകാരവും അനുബന്ധ സർക്കാർ ഉത്തരവുകളും അനുസരിച്ചാണ് പൊതുവിദ്യാലയങ്ങളിലെ സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തികയായ കായികാധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്. പാഠ്യപദ്ധതിക്കനുസൃതമായി കായികാധ്യാപന നിയമനങ്ങൾ അനിവാര്യമാകുന്ന സാഹചര്യത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്. |
| (സി) | ഹയർ സെക്കണ്ടറി വിഭാഗത്തിൽ കായിക വിദ്യാഭ്യാസവും കായികാദ്ധ്യാപക നിയമനവും നിർബന്ധ വ്യവസ്ഥകൾ ആക്കാമോ; വ്യക്തമാക്കുമോ; | (സി) | ഹയർസെക്കൻഡറി വിഭാഗത്തിൽ നിലവിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി രണ്ട് പിരീഡുകൾ ലഭ്യമാണ്. ഈ പിരീഡുകൾ നിലവിൽ കൈകാര്യം ചെയ്യുന്നത് ഹൈസ്കൂളിലെ കായികാധ്യാപകരാണ്. അത്തരത്തിൽ കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് പ്രത്യേക അലവൻസും നൽകി വരുന്നുണ്ട്. ഹയർസെക്കൻഡറി ക്ലാസുകളിൽ ആരോഗ്യ കായിക പഠനം വിനിമയം ചെയ്യുന്നതിന് ആവശ്യമായ സിലബസ് തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കായികാദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനത്തിനായുള്ള യോഗ്യതകൾ കാലോചിതമായി പരിഷ്കരിക്കാമോ; വിശദമാക്കുമോ; | (ഡി) | ചട്ടങ്ങൾ, അനുബന്ധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള നിർദ്ദിഷ്ട യോഗ്യതകൾ ഉള്ളവരെയാണ് കായികാധ്യാപക തസ്തികകളിൽ നിയമിക്കുന്നത്. നിലവിൽ സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് KTET- IV യോഗ്യത കൂടി നേടുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. പാഠ്യപദ്ധതിക്കനുസൃതമായി കായികാധ്യാപന നിയമനങ്ങൾ അനിവാര്യമാകുന്ന സാഹചര്യത്തിൽ യോഗ്യതകൾ കാലോചിതമായി പരിഷ്കരിക്കുന്നത് പരിശോധിക്കാവുന്നതാണ്. |
| (ഇ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കായികാദ്ധ്യാപകരെ ജനറൽ അദ്ധ്യാപകരായി ( യു. പി. എസ്. ടി., എച്ച്. എസ്. ടി. ) പരിഗണിക്കുന്ന കാര്യം പരിശോധിക്കാമോ; വ്യക്തമാക്കുമോ? | (ഇ) | UPST/HST തസ്തികകളുടെ യോഗ്യതകളും ജോലിയുടെ സ്വഭാവവും ശമ്പള ഘടനയും കായിക അധ്യാപകരുടേതിൽ നിന്നും വ്യത്യസ്തമാണ്. കായിക അധ്യാപകർ സ്പെഷ്യൽ ടീച്ചർ വിഭാഗത്തിലാണ് |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്നത്. ആയതിനാൽ, കായിക അധ്യാപകരെ UPST/HST തസ്തികയിൽ നിയമിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ